പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2803 18.08.2017 ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന സാക്ഷരത മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി. വീണാ ജോർജ്ജ്** | | **പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി)** | |
| (എ) | കേരള സംസ്ഥാന സാക്ഷരതാ മിഷൻ ആരംഭിച്ച ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിൽ ആദ്യ ബാച്ചിൽ എത്രപേർ രജിസ്റ്റർ ചെയ്തിരുന്നു-വെന്ന് വ്യക്തമാക്കുമോ; | (എ) | ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന്റെ ഒന്നാം ബാച്ചിൽ (2015-17) 19,708 പേർ രജിസ്റ്റർ ചെയ്തിരുന്നു. |
| (ബി) | ഇതിൽ എത്ര പേർ പരീക്ഷയെഴുതിയെന്നും, അതിൽ എത്ര പേർ വിജയിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന്റെ ഒന്നാം ബാച്ചിൽ (2015-17) ഒന്നാം വർഷത്തിൽ 16,602 പേർ പരീക്ഷ എഴുതി. ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ് രണ്ട് വർഷത്തെ കോഴ്സായതിനാൽ 2017 ഒക്ടോബറിൽ നടത്താൻ ഉദ്ദേശിക്കുന്ന പരീക്ഷ കഴിഞ്ഞ് ഫലപ്രഖ്യാപനം നടത്തിയാൽ മാത്രമേ എത്ര പേർ വിജയിച്ചുവെന്ന കാര്യം തിട്ടപ്പെടുത്താനാകൂ. |
| (സി) | രണ്ടാമത്തെ ബാച്ചിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | ഉണ്ട്, ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന്റെ രണ്ടാം ബാച്ചിൽ (2016-18) 14,934 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കോഴ്സ് പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | നിർദ്ദേശം ഉണ്ടായിട്ടില്ല |

സെക്ഷൻ ഓഫീസർ